## ശ്ലീഹാക്കാലം രണ്ടാം ഞായർ

**ലൂക്കാ 7:36-50**

## കരുണ കാണിക്കുന്ന ദൈവം

**റവ.ഡോ. സോണി കടൂകുന്നേൽ**

അതിക്രമങ്ങൾക്കു മാപ്പും പാപങ്ങൾക്കു മോചനവും ലഭിച്ചവൻ ഭാഗ്യവാൻ (സങ്കീ 32:1).

തന്റെ പക്കൽ വന്ന അറിയപ്പെടുന്ന ഒരു പാപിനിയായ സ്ത്രീയെ ന്യായീകരിച്ചുകൊണ്ട് ഈശോ കരുണാപൂർവം പാപമോചനം നൽകുന്ന ഇന്നത്തെ സുവിശേഷഭാഗം ഒന്നാമതായി നമ്മളെ പഠിപ്പിക്കുന്ന പാഠം അനുതപിക്കുന്ന പാപികളുടെമേൽ ദൈവത്തിനുള്ള അപരിമേയമായ കരുണയെ പറ്റിയാണ്. ഫയദോർ ദൊസ്തയേവ്സ്കിയുടെ വിശ്വവിഖ്യാതനായ കരാമസോവ് സഹോദരന്മാർ എന്ന നോവലിലെ കഥാപാത്രമായ സോസിമ എന്ന ഒരു വൈദികന്റെ വാക്കുകൾ ഫ്രാൻസിസ് പാപ്പ ഒരു പ്രഭാഷണത്തിൽ ഉദ്ധരിക്കുന്നുണ്ട്. തന്നെ ശാരീരികവും മാനസികവുമായി ഉപദ്രവിച്ചിരുന്ന ഭർത്താവിനെ കൊന്ന ഒരു ഭാര്യയോട് സോസിമ എന്ന ആ വൈദികൻ പറയുന്നു: ഭയപ്പെടേണ്ട, ഒരിക്കലും ഭയപ്പെടരുത്, ദുഃഖിക്കുകയും വേണ്ട. നിന്റെ അനുതാപം വറ്റിപ്പോകാത്തിടത്തോളം കാലം ദൈവം എല്ലാം ക്ഷമിക്കുന്നു. യഥാർത്ഥമായ അനുതാപം ഉണ്ടെങ്കിൽ ദൈവം ക്ഷമിക്കാത്ത ഒരു പാപവും ഈ ഭൂമിയിൽ ഇല്ല. ദൈവത്തിന്റെ അനന്തസ്നേഹത്തിന് പരിഹരിക്കാൻ കഴിയാത്ത ഒരു പാപവും മനുഷ്യന് ചെയ്യാൻ സാധിക്കുകയില്ല. ഇതിനോട് ഫ്രാൻസിസ് പാപ്പാ കൂട്ടിച്ചേർക്കുന്നു: കുമ്പസാരമെന്ന കൂദാശയിലൂടെ ആ സ്ത്രീക്ക് ജീവിതം നവീകരിക്കുവാനും ഒരു നവമായ പ്രത്യാശയിലേക്ക് ജീവിതത്തെ തിരിച്ചു വിടാനും സാധിച്ചു. പാപം ഏതു തരം ആയാലും ദൈവത്തെ ദുഃഖിപ്പിക്കുന്നു. എന്നാൽ അനുതാപം അവിടുത്തെ പ്രീതിപ്പെടുത്തുകയും പാപപ്പൊറുതി നല്കാൻ മനസ്സ് വരുത്തുകയും ചെയ്യുന്നു. അനുതാപക്കണ്ണീർ വീഴ്ത്തിക്കൊണ്ട് ഈശോയുടെ പാദങ്ങൾ ചുംബിക്കുകയും അവിടുത്തെ പാദങ്ങളിൽ തൈലം പൂശുകയും ചെയ്ത പാപിനിയായ ആ സ്ത്രീയുടെ നിസ്സാരമെന്ന് തോന്നാവുന്ന സ്നേഹപ്രവൃത്തിക്ക് ഹൃദയം കാണുന്ന ഈശോ വലിയ വില കല്പിക്കുന്നു. കരുണയുടെ ലാറ്റിൻ വാക്ക് misericordia എന്നാണ്. ദുരിതം എന്നർത്ഥമുള്ള miseriae എന്ന വാക്കും ഹൃദയം എന്നർത്ഥമുള്ള cor എന്ന വാക്കും കൂടിച്ചേർന്നതാണ് അത്. അപ്പോൾ ദൈവകരുണ എന്നു പറഞ്ഞാൽ നമ്മുടെ സകല ദുരിതങ്ങളെയും പാപങ്ങളെയും ഉൾക്കൊള്ളാൻ സാധിക്കുന്ന തരത്തിൽ വികസിതമായ ദൈവത്തിന്റെ ഹൃദയം എന്നർത്ഥം. മരിയ ഫൗസ്റ്റീന കൊവാൽസ്ക എന്ന പോളണ്ടുകാരിയായ സന്യാസിനിക്ക് ഈശോ നേരിട്ടു നല്കിയ സന്ദേശങ്ങളിലും പാപികളോട് ഉള്ള അനന്തമായ തന്റെ കാരുണ്യത്തെക്കുറിച്ച് ഈശോ വെളിപ്പെടുത്തുന്നു: ഒരാത്മാവിന്റെ ദയനീയത എത്ര അധികമാണോ അത്ര ശക്തമാണ് എന്റെ കരുണയ്ക്കുള്ള അതിന്റെ അവകാശവും (ഖണ്ഡിക 1182). പാപിയും ബലഹീനയുമായ ആത്മാവ് എന്നെ സമീപിക്കാൻ ഭയപ്പെടേണ്ട. ആ ആത്മാവിന്റെ പാപങ്ങൾ ലോകത്തിലെ മുഴുവൻ മണൽതരികളെക്കാൾ അധികം ആണെങ്കിൽപോലും അവയെല്ലാം അത്യാഗാധമായ എന്റെ കരുണയുടെ അഗാധതയിൽ ആഴ്ന്നു പോകും (ഖണ്ഡിക 1059). കുമ്പസാരക്കൂട് ഒരു torture chamber അല്ല എന്ന് ഫ്രാൻസിസ് പാപ്പാ അടിവരയിട്ട് പറയുന്നു. നേരേ മറിച്ച് ഈശോ വിശുദ്ധ ഫൗസ്റ്റീനയോട് പറയുന്നതുപോലെ കുമ്പസാരക്കൂട് കരുണയുടെ സിംഹാസനമാണ്. കുമ്പസാരക്കൂടിനെ സമീപിക്കുമ്പോൾ നീ ഒരു കാര്യം ഓർക്കുക, നിനക്കുവേണ്ടി അതിനുള്ളിൽ കാത്തിരിക്കുന്നത് ഞാൻ തന്നെയാണ്. പുരോഹിതനിൽ ഞാൻ മറഞ്ഞിരിക്കുന്നെങ്കിലും നിന്റെ ആത്മാവിൽ പ്രവർത്തിക്കുന്നത് ഞാൻ തന്നെയായിരിക്കും. ഇവിടെ ആത്മാവിന്റെ ദുരിതം ദൈവത്തിന്റെ കരുണ കണ്ടെത്തുന്നു (ഖണ്ഡിക 1602). കുമ്പസാരത്തോടുള്ള എന്റെ മനോഭാവം എന്താണ്? കുമ്പസാരം ദൈവകരുണയുമായുള്ള ഒരു കണ്ടുമുട്ടൽ ആകുന്നുണ്ടോ? അതോ അത് വെറും ഒരു യാന്ത്രികമായ അനുഷ്ഠാനമാണോ? ആത്മാർത്ഥതയോടെയാണോ ഞാൻ കുമ്പസാരിക്കാൻ അണയുന്നത്?

ഇന്നത്തെ സുവിശേഷം നല്കുന്ന രണ്ടാമത്തെ പാഠം ദൈവത്തിന്റെ കരുണ ലഭിക്കണമെങ്കിൽ ശരണപ്പെട്ടുകൊണ്ട് അവിടുത്തെ പക്കലേക്ക് വരണം എന്നാണ്. പാപിനിയായ ആ സ്ത്രീ ഫരിസേയന്റെ വീട്ടിൽ ക്ഷണിക്കപ്പെട്ട ഒരു അതിഥിയേ അല്ലായിരുന്നു. പരസ്യപാപിനിയായ തന്നെ

ആട്ടിപുറത്താക്കുമോ എന്ന ലവലേശം ഭയമില്ലാതെ യേശുവിനെ മാത്രം നോക്കിക്കൊണ്ട് അവൾ ധൈര്യപൂർവം അവിടേക്ക് കടന്നുചെല്ലുന്നു. തന്നെപ്പറ്റി മറ്റുള്ളവർ എന്ത് വിചാരിക്കും എന്ന് അവൾ ചിന്തിക്കുന്നില്ല. പിതാവിന്റെ നന്മയെക്കുറിച്ച് തെല്ലും സംശയിക്കാതെ തിരിച്ചുവന്ന ധൂർത്തപുത്രനെ പിതാവ് കെട്ടിപ്പിടിച്ചുകൊണ്ട് സ്വീകരിച്ച കാര്യം നമുക്ക് ഓർക്കാം. ആഫ്രിക്കയിലെ മിഷനറിയായിരുന്ന ബെല്ലിയേർ എന്ന ഒരു വൈദിക വിദ്യാർത്ഥിക്കു വേണ്ടി പ്രാർത്ഥിക്കാനും ആത്മീയ ഉപദേശങ്ങൾ നല്കുവാനും വിശുദ്ധ കൊച്ചുത്രേസ്യയെ മഠത്തിലെ മദർ ചുമതലപ്പെടുത്തിയിരുന്നു. ദൈവം തന്റെ പാപങ്ങളെല്ലാം ക്ഷമിച്ചിരിക്കുമോ എന്ന് ശങ്കിച്ചിരുന്ന ആ സെമിനാരിക്കാരന് താൻ മരിക്കുന്നതിനുമുമ്പ് എഴുതിയ അവസാന കത്തിൽ വിശുദ്ധ കൊച്ചുത്രേസ്യ ഒരു കഥ വിവരിക്കുന്നുണ്ട്. ഒരിക്കൽ ഒരു പിതാവിന് രണ്ട് മക്കൾ ഉണ്ടായിരുന്നു. രണ്ടു പേരും പിതാവിന് അപ്രീതി വരുത്തുന്ന രീതിയിൽ തെറ്റു ചെയ്തു. പിതാവ് വന്നപ്പോൾ അവരിൽ ഒരുവൻ പിതാവിനെ പേടിച്ച് ഓടിയൊളിച്ചു. മറ്റേയാൾ ഓടിവന്ന് പിതാവിനെ ചുംബിച്ച് ക്ഷമ ചോദിച്ചു. ഇവരിൽ രണ്ടാമനോട് ആയിരിക്കുകയില്ലേ പിതാവിന് കൂടുതൽ സ്നേഹം തോന്നുക എന്നാണ് വിശുദ്ധ കൊച്ചുത്രേസ്യ ആ സെമിനാരിക്കാരനോട് ചോദിക്കുന്നത്. ഈശോ വിശുദ്ധ ഫൗസ്റ്റീനയോടു പറയുന്നു: എന്റെ കരുണയുടെ കൃപകൾ ഒരേയൊരു പാത്രം ഉപയോഗിച്ച് മാത്രമേ കോരിയെടുക്കാൻ സാധിക്കുകയുള്ളൂ. ആ പാത്രമാണ് ശരണം. ആത്മാവ് എത്രയധികം ശരണപ്പെടുന്നു അത്രയധികം കരുണ അതിനു ലഭിക്കും (ഖണ്ഡിക 1578). ശരണം എന്ന് വച്ചാൽ ധൈര്യം തന്നെയാണ്. പാപം ചെയ്യുമ്പോൾ ലജ്ജിക്കുക. അനുതപിച്ച് പാപം ഏറ്റുപറയാൻ ലജ്ജിക്കാതിരിക്കുക (വിശുദ്ധ ജോൺ ക്രിസോസ്റ്റം). കുമ്പസാരക്കൂട്ടിൽ ശരണത്തോടു കൂടിയാണോ ഞാനണയുന്നത്? കുമ്പസാരത്തിൽ ഞാൻ പാപങ്ങളെല്ലാം ഏറ്റുപറയാൻ ലജ്ജ കാരണം മടി കാണിക്കാറുണ്ടോ?

ഇന്നത്തെ സുവിശേഷഭാഗം നല്കുന്ന മൂന്നാമത്തെ പാഠം ഈശോയ്ക്ക് വീട് മാത്രം തുറന്നു കൊടുത്താൽ പോരാ ഹൃദയവും തുറന്നു കൊടുക്കണം എന്നാണ്. ഫരിസേയൻ ആയ ശിമയോൻ ഈശോയെ വിരുന്നിനു ക്ഷണിക്കുന്നത് അവിടുത്തെ ഒരു രക്ഷകനായി കണ്ടുകൊണ്ട് ആയിരിക്കണമെന്നില്ല. എല്ലാവരും മാനിക്കുന്ന ഒരു റബ്ബിയേ താനും ബഹുമാനിക്കുന്നു എന്നു കാണിക്കാൻ വേണ്ടിയായിരിക്കാം അയാൾ അതു ചെയ്തത്. ഒരു പക്ഷേ ഈശോയെ പരീക്ഷിക്കുവാനും ഈശോയ്ക്ക് എതിരായി ഉപയോഗിക്കാവുന്ന എന്തെങ്കിലും വാക്കുകൾ ഈശോയുടെ നാവിൽ നിന്നും അടർന്നു വീഴുമോ എന്ന് പരിശോധിക്കാനും വേണ്ടിയായിരിക്കണം അയാൾ ഈശോയെ ക്ഷണിച്ചത്. അയാൾക്ക് ഈശോയെയോ ഈശോയുടെ കരുണയുടെ സുവിശേഷത്തെയോ മനസ്സിലാക്കുവാൻ സാധിക്കാതെ പോയി. അനുതപിക്കുക. ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും (വെളി 3:19–20). ഫരിസേയൻ തന്റെ ഭവനത്തിന്റെ വാതിലുകൾ ഈശോയ്ക്കായി തുറന്നുകൊടുത്തെങ്കിലും അയാളുടെ ഹൃദയം അടഞ്ഞിരിക്കുകയായിരുന്നു. തങ്ങൾ നീതിമാന്മാർ ആണെന്ന ഭാവത്തിൽ മറ്റുള്ളവരെ പുച്ഛിച്ചിരുന്ന ഫരിസേയരിൽ ഒരുവനാണ് അയാൾ. തനിക്കും ദൈവകരുണ ആവശ്യമുണ്ട് എന്ന് അയാൾ അറിയുന്നില്ല. പുറമേ മാന്യനായ അയാൾ അന്ധകാരം നിറഞ്ഞ അയാളുടെ ഹൃദയം ഈശോയുടെ മുമ്പിൽ തുറന്നുവച്ചിരുന്നെങ്കിൽ അതിനെയും ഈശോ തന്റെ കരുണയാൽ പ്രകാശമാനമാക്കുമായിരുന്നു. ഫരിസേയരെ പോലെ പുറമേ മാന്യന്മാരായ പലരും ടെക്നോളജിയുടെയും ഇന്റർനെറ്റിന്റെയും ഈ കാലത്ത് രഹസ്യമായാണ് പാപം ചെയ്യുന്നത്. നീതിമാന്മാർ പോലും ഒരു ദിവസം ഏഴു പ്രാവശ്യം വീഴുന്നു എന്നാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. നീതിമാൻ ഏഴുതവണ വീണാലും വീണ്ടും എഴുന്നേൽക്കും (സുഭാ 24:16). ചുരുക്കത്തിൽ എല്ലാവർക്കും ദൈവകരുണയുടെ ആവശ്യമുണ്ട്. ഹൃദയവാതിൽ തുറന്നു തരുന്ന എല്ലാവരിലും എന്റെ കരുണ പ്രവർത്തിക്കും. പാപിക്കും നീതിമാനും എന്റെ കരുണയുടെ ആവശ്യമുണ്ട് (ഖണ്ഡിക 1577). ഒരിക്കൽ ഫ്രാൻസിസ് പാപ്പായോട് അങ്ങ് ആരാകുന്നു എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ ഉത്തരം ഇതാണ്: ഞാനൊരു പാപിയാണ്; ദൈവം കരുണാപൂർവം വീക്ഷിക്കുന്ന ഒരു പാപി. നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നു വരും. എന്നാൽ, നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും (1 യോഹ 1:8-9). ഞാൻ മോശമായ കാര്യങ്ങൾ ഒന്നും ചെയ്യുന്നവനല്ല എന്നു പറഞ്ഞ് കുമ്പസാരിക്കാതിരിക്കാറുണ്ടോ? കാര്യമായ പാപങ്ങൾ ഒന്നുമില്ല എന്നു പറഞ്ഞ് ഞാൻ വർഷത്തിലൊരിക്കൽ മാത്രമാണോ കുമ്പസാരിക്കുന്നത്?

ജോൺ പോൾ രണ്ടാമൻ പാപ്പാ പറയുന്നതുപോലെ കുറ്റബോധം അല്ല നമുക്ക് വേണ്ടത്; പാപബോധം ആണ്. കുറ്റബോധത്തിൽ ഞാനാണ് കേന്ദ്രബിന്ദു; എന്റെ നിലവാരത്തിനനുസരിച്ച് ഞാൻ ഉയർന്നില്ല എന്നതിന്റെ നിരാശയാണ് അത്. പാപബോധത്തിൽ യേശുവാണ് കേന്ദ്രബിന്ദു. പപാബോധം എന്നാൽ യേശുവുമായുള്ള ബന്ധം മുറിഞ്ഞതിന്റെ വേദനയാണ്. അനുതാപം എന്നാൽ ആ ബന്ധം പുനഃസ്ഥാപിക്കൽ ആണ്. യേശുവിനെ സ്നേഹിക്കുക എന്നതാണ് അനുതാപം. പാപിനിയായ ആ സ്ത്രീ അതാണ് നമുക്കു കാണിച്ചു തരുന്നത്. കുമ്പസാരം എന്ന കൂദാശയിലൂടെ കരുണ തന്നെയായ യേശുവുമായുള്ള ബന്ധം വീണ്ടെടുക്കാനും വളർത്താനുമുള്ള കൃപയ്ക്കായി നമുക്കു പ്രാർത്ഥിക്കാം.